കയ്യേറ്റം സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്താനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ ട്രാവൻകൂർ റബർ&ടീ കമ്പനിയുടെ കൈവശഭൂമി സംബന്ധിച്ച വിഷയത്തിലും മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ തീരുമാനമായിട്ടുണ്ട്.

(ഇ) കയ്യേറ്റ ഭൂമിയും, പാട്ടഭൂമിയും മറിച്ചുവിൽക്കുന്നതിൽ ഉദ്യോഗസ്ഥർ സഹായിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി ഉല്പന്നങ്ങൾ

25(*265) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉല്പന്നങ്ങളുടെ സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) സബ്സിഡി ഉല്പന്നങ്ങളുടെ 2011 ജനുവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) മാവേലി സ്റ്റോറുകളിലൂടെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തിരുന്ന പരിപ്പ്, ഉഴുന്ന് പരിപ്പ്, കടല, ചെറുപയർ എന്നിവയുടെ വില വർദ്ധിപ്പിക്കുകയും അളവ് കുറയ്ക്കുകയും ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ആഴ്ചതോറും മാവേലി സ്റ്റോറുകൾവഴി നൽകിയിരുന്ന സബ്സിഡിയുള്ള അരി ഇപ്പോൾ വിതരണം ചെയ്യുന്നുണ്ടോ ; ഇത് രണ്ടാഴ്ചയിലൊരിക്കൽ എന്ന രീതിയിൽ മാറ്റിയിട്ടുണ്ടോ ;വ്യക്തമാക്കുമോ;

(ഇ) പൊതുമാർക്കറ്റിൽ വിലക്കയറ്റം ശ്രുക്ഷമാക്കുന്ന തരത്തിൽ സപ്ലൈകോയുടെ പ്രവർത്തനം തിരുത്തുമോ; വ്യക്തമാക്കുമോ;

(എഫ്) സപ്ലൈകോ വില്പനശാലയിൽനിന്നും ജനങ്ങളെ അകറ്റുന്ന തരത്തിലുള്ള നയം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ&ബി) സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽനിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ സബ്സിഡി പട്ടിക പുനർനിർണ്ണയിച്ചിരിക്കുന്നു. സബ്സിഡി ഉല്പന്നങ്ങളുടെ 2011 ജനുവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*. എന്നാൽ ചെറുപയർ, ഉഴുന്ന്, വൻകടല, വൻപയർ, തുവര പരിപ്പ്, പഞ്ചസാര എന്നിവയുടെ വിലയിൽ 1-12-2014 മുതലും മല്ലി, മട്ട അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവയുടെ വിലയിൽ 1-8-2015 മുതലും കുറവ് വരുത്തിയിരുന്നു.

(സി) 1-8-2013, 24-8-2014, 6-11-2014 എന്നിങ്ങനെ മൂന്നുതവണ ഭക്ഷ്യോൽപ്പന്നങ്ങളുടെ സബ്സിഡി നിരക്കുകൾ വർദ്ധിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും ഇത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ട് ഈ സാധനങ്ങളുടെ വില്പന വില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിനാൽ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുവാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കുറച്ചിട്ടില്ല.

(ഡി) സപ്ലൈകോ വിൽപ്പനശാലകളിൽ കൂടി രണ്ടാഴ്ചയിലൊരിക്കൽ '5' കി. ഗ്രാം എന്ന തോതിൽ പ്രതിമാസം 10 കിലോ ഗ്രാം സബ്സിഡി അരിയാണ് വിതരണം ചെയ്തിരുന്നത്. ഈ അളവിൽ കുറവ് വരുത്താതെ തന്നെ നിലവിലും സബ്സിഡി അരിയുടെ വിതരണം തുടർന്നുവരുന്നു.

(ഇ&എഫ്) സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി പ്രകാരം പൊതുവിപണിയിൽ 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ നിശ്ചിത അളവിലും മറ്റ് സാധനങ്ങൾ ന്യായമായ വിലയിൽ ആവശ്യമായ അളവിലും ലഭ്യമാക്കി അതുവഴി പൊതുവിപണിയിലെ വിലക്കയറ്റത്തിൽനിന്നും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാർക്ക് ആശ്വാസമേകുന്ന പ്രവർത്തനം നിലവിലും കാര്യക്ഷമമായി തുടർന്നുവരുന്നു. സപ്ലൈകോവഴി നൽകുന്ന സബ്സിഡി സാധനങ്ങളുടെ അളവിൽ മൊത്തമായുണ്ടായ ഗണ്യമായ വർദ്ധനവും വിറ്റുവരവിലെ വർദ്ധനവും സൂചിപ്പിക്കുന്നത് കൂടുതൽ ആളുകൾ സപ്ലൈകോയെ ആശ്രയിക്കുന്നു എന്നാണ്.

സ്കൂളുകളിലെ ആരോഗ്യ പദ്ധതികൾ

26(T*266) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) വിദ്യാലയ അന്തരീക്ഷം ആരോഗ്യ പൂർണ്ണമാക്കുന്നതിന് ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ് പദ്ധതി, സ്വച്ഛ് വിദ്യാലയ പദ്ധതി, സൗഹൃദ ക്ലബ്ബുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. അതോടൊപ്പം ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി വിദ്യാലയ ആരോഗ്യ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) 1. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളും, ഫർണ്ണീച്ചറുകളും മറ്റും വൃത്തിയും വെടിപ്പുമുള്ളതാക്കുക.

2. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരിസരപ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക, പരമാവധി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സുരക്ഷിതമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുക.

3. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ക്ലാസ്സ് മുറികളിലേയും ശുചിമുറികളിലേയും ചുമരുകളിൽ ചായം പൂശുക

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly